## ആലങ്ങാട് പോലീസ് സ്റ്റേഷന്റെ പരിധി

51(341) ശ്രീ. എ. എം. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ പോലീസ് സ്റ്റേഷൻ അതിർത്തി വിഭജിച്ച് പുതിയതായി രൂപീകരിച്ച ആലങ്ങാട് പോലീസ് സ്റ്റേഷന്റെ പ്രവർത്തനപരിധി ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പുതിയ പോലീസ് സ്റ്റേഷൻ വന്നതോടുകൂടി കൃത്യമായ അതിർത്തി നിർണ്ണയം നടത്താത്തതുമൂലം പ്രയാസങ്ങൾ ഉണ്ടായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോലീസ് സ്റ്റേഷനുകളുടെ അതിർത്തി സംബന്ധിച്ചുള്ള അവ്യക്തത നിമിത്തം പോലീസ് യഥാസമയം കാര്യങ്ങളിൽ ഇടപെടുന്നതിൽ വീഴ്ചയുണ്ടായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അവ്യക്തതമൂലം മോഷണം അടക്കമുള്ള സംഭവങ്ങൾ വർദ്ധിച്ചുവെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആലുവ, ബിനാനിപുരം, ആലങ്ങാട് പോലീസ് സ്റ്റേഷനുകളുടെ അതിർത്തികൾ കൃത്യമായി നിർണ്ണയിച്ച് പൊതുജനങ്ങളെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ)ആലുവ പോലീസ് സ്റ്റേഷന്റെ അതിർത്തി വിഭജിച്ച് പുതിയതായി രൂപീകരിച്ചത് ആലുവ വെസ്റ്റ് പോലീസ് സ്റ്റേഷനാണ്. ഈ പോലീസ് സ്റ്റേഷൻ ആലങ്ങാട് വില്ലേജിലാണ് സ്ഥിതി ചെയ്യുന്നത്. പ്രസ്തുത പോലീസ് സ്റ്റേഷന്റെ അധികാര പരിധി താഴെപറയും പ്രകാരമാണ്.

| താലൂക്ക് | വില്ലേജ് | കര/ദേശം |
|---|---|---|
| നോർത്ത് പറവൂർ | കരുമല്ലൂർ | (1) വെളിയത്തുനാട് |
| | | (2) അടുവതുരുത്ത് |
| | | (3) കരുമല്ലൂർ |
| | | (4) മഞ്ഞളി |
| നോർത്ത് പറവൂർ | ആലങ്ങാട് | (1) കോട്ടപ്പുറം |
| | | (2) തിരുവള്ളൂർ |
| | | (3) നീരിക്കോട് |

(ബി&സി) ഇല്ല.

(ഡി) ആലുവ ഈസ്റ്റ്, ആലുവ വെസ്റ്റ്, ബിനാനിപുരം പോലീസ് സ്റ്റേഷനുകളുടെ അതിർത്തികൾ നിർണ്ണയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly